**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2779** **24-02-2026 - ൽ മറുപടിയ്ക്ക്**

**വനം വന്യജീവി വകുപ്പിലെ താത്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്;വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | വനം വകുപ്പിൽ വിവിധ ഓഫീസുകളി ലായി, മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കരാർ/ ദിവസ വേതനാടിസ്ഥാനത്തിൽ 316 പേരെ താത്ക്കാലികാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. എന്നാൽ വനം വകുപ്പിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളിൽ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ ആരെയും നിയോഗിച്ചിട്ടില്ല.<br><br>കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ Marketing Manager-ടെ ഒരു തസ്തികയിൽ ഒരാൾ വിട്ടുതൽ ചെയ്ത മുറയ്ക്ക്, തുടർ നിയമനം എന്ന കണക്കിൽ 3സമയങ്ങളിലായി ഓരോ പേരെയും , Tele Calling Assistant -ന്റെ ഒരു തസ്തികയിൽ 1-ഉം, ദിവസ വേതനാടിസ്ഥാനത്തിൽ 5-ഉം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 34-ഉം താത്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കി; മറ്റു നിയമനങ്ങൾ ഉണ്ടെങ്കിൽ അത് നടത്തിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | (ബി) | വനം വകുപ്പിൽ മേൽ ജീവനക്കാരിൽ 16 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മറ്റ് ഏജൻസികൾ മുഖേന ആരെയും നിയമിച്ചിട്ടില്ല. തദ്ദേശിയരും വനാശ്രിത സമൂഹത്തിൽ ഉൾപ്പെട്ടവരുമായ വനം സംരക്ഷണ പ്രവർത്തനങ്ങളിൽ മുൻപരിചയമുള്ള ആളുകളെയാണ് കൂടുതലായി ഇത്തരത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ വാച്ചർമാരായും മറ്റും നിയോഗിച്ചിട്ടുള്ളത്.<br><br>കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പ്രസ്തുത കാലയളവിൽ 34 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്. |
| (സി) | മേല്പറഞ്ഞ സ്ഥാപനങ്ങളിൽ പ്രസ്തുത കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ; | (സി) | 01.09.2013 വരെയുള്ള കാലയളവിൽ 20 വർഷത്തിലധികമായി തുടർച്ചയായി |

| | | | |
|---|---|---|---|
| | സ്ഥാപനം തിരിച്ച വിശദാംശം വ്യക്തമാക്കുമോ? | | താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നതായ 48 ദിവസവേതനക്കാരെയും, അട്ടപ്പാടി ഹിൽ ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റിയുടെ (AHADS) കീഴിൽ സാക്ഷരതാ ഇൻസ്ട്രക്ടർമാരായി ജോലി ചെയ്തിരുന്ന 18 പേരെയും ഉൾപ്പെടെ 66 ദിവസവേതനക്കാരെ മാനുഷിക പരിഗണന നൽകി വനം വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററിയായി സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുണ്ട്.<br><br>കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ പ്രസ്തുത കാലയളവിൽ താത്ക്കാലിക ജീവനക്കാരിൽ ആരെയും തന്നെ സ്ഥിരപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ